മായതുകൊണ്ട് എങ്ങനെ പരിഹരിക്കാമെന്നുള്ള കാര്യം ആലോചിക്കാം. ഭേദഗതികളും അവതരിപ്പിച്ച എല്ലാ അംഗങ്ങളോടും പറയാനുള്ളതു് എന്റെ പ്രമേയം തന്നെ അംഗീകരിക്കണമെന്നാണു്. ചില മെംബർമാരുടെ പ്രസംഗങ്ങളും കേട്ടപ്പോൾ എനിക്കു് തോന്നിയതു് 10 കോടി രൂപ അവർ അനുവദിച്ചു തരുന്നു എന്നാണു്. കടംമേടിക്കാൻ അനുവാദം നൽകുന്നതു് അവരുടെ സന്മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഗവണ്മെൻറിനു് കടം വാങ്ങുന്നതിനു് ഗാരൻറി കൊടുക്കേണ്ടതില്ലേ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഉണ്ടു്. അതുകൊണ്ടു് നിങ്ങളുടെ അനുവാദപ്രകാരം (ആക്ഷേപിക്കുകയല്ല) 10 കോടി രൂപ കടം കിട്ടി നമ്മുടെ പദ്ധതിയെ വിജയിപ്പിക്കുന്നതിനു് എല്ലാവരും ഒരുകണക്കായി ഈ പ്രമേയം പാസാക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

Mr. Speaker : Shri. Mani, do you press your amendment ?

ശ്രീ. കെ. എം. മാണി : പാകപ്പിഴകളും പരിഹരിക്കാൻ നടപടികളെടുക്കുമെന്നു് ആത്മാർത്ഥമായി വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

The amendment moved by Shri K. M. Mani was, by leave, withdrawn.

The amendment moved by Shri K. I. Rajan was, by leave, withdrawn.

The amendment moved by Shri N. K. Seshan, was, by leave, withdrawn.

The amedment moved by Shri A. S. N. Nambissan was, by leave, withdrawn.

The amendment moved by Shri P. Unnikrishna Pillai was, by leave, withdrawn.

The question that the Resolution moved by the Agriculture and Electricity Minister be adopted was put and carried.

The Resolution was adopted.

ANNOUNCEMENT

മി. സ്പീക്കർ : സഭ പിരിയുന്നതിനു മുൻപു് ബഹുമാനപ്പെട്ട അംഗങ്ങളുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കാനുണ്ടു്. സഭയുടെ എല്ലാ ഭാഗത്തുമുള്ള അംഗങ്ങളും എന്നെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണു് ഞാനിതു പറയുന്നതു്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറെന്നാൾ ചികിത്സാർത്ഥം ജർമ്മൻ ഡെമോക്രാറിക്കു് റിപ്പബ്ലിക്കിലേക്കു് പോവുകയാണു് എന്നുള്ള വിവരം നമുക്കെല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ അസുഖത്തെസംബന്ധിച്ചിടത്തോളം ആശങ്കയ്ക്കാനും വകയില്ല. എന്നിരുന്നാലും അദ്ദേഹം പോകുന്ന സമയത്തു് ബഹുമാനപ്പെട്ട മെംബർമാർക്കു് അദ്ദേഹത്തെ ചെന്നു കാണണമെന്നും സന്തോഷപൂർവ്വം യാത്രയയയ്ക്കണമെന്നും ആഗ്രഹമുണ്ടു്. അദ്ദേഹം മറെന്നാൾ ഉച്ചയ്ക്കുള്ള പ്ലെയിനിൽ പോകുന്നുവെന്നാണു് ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ അറിയിച്ചതു്. അതുകൊണ്ടു് ആ ദിവസം സഭ കൂടേണ്ടതില്ല എന്നുള്ള അഭിപ്രായം എന്നെ അറിയിച്ചതു് ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറെറരു കാര്യവും മുന്നോട്ടവച്ചിട്ടുണ്ട്. നാളെ കക്കടകവാവാണ്; ഗവണ്മെൻറിന് റെസ്ട്രിക്റ്റഡ് ഹോളിഡേ ആണ്; ബഹുമാനപ്പെട്ട പല അംഗങ്ങളും അതിൽ പങ്കെടുക്കുന്നവർ കാണും. അതുപോലെതന്നെ ആഫീസിലെ സ്റ്റാഫും ഈ റെസ്ട്രിക്റ്റഡ് ഹോളിഡേ ഉപയോഗിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. ആ നിലയിൽ നാളെ സഭ കൂടിയാൽ ആഫീസ് നും വളരെയേറെ ബുദ്ധിമുട്ടുണ്ടാകയിരിക്കും. നമ്മുടെ ആഫീസിൽ മാത്രമല്ല പല ആഫീസിലും ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് സഭയുടെ അനുവാദം ഉണ്ടെങ്കിൽ നാളെയും മറെറന്നാളും സഭയ്ക്ക് ഒഴിവുകൊടുത്തിട്ട് അടുത്ത സമ്മേളനം 18-ാം തീയതി കൂടിയാൽ മതി എന്നുള്ള തീരുമാനമെടുക്കാം.

(The House agreed with the suggestion).

Mr. Speaker : The House will now adjourn and meet again at 8 a m. on 18th August.

The Assembly adjourned at 1 p. m. to meet again at 8 a. m. on Monday, the 18th August, 1969.

2/2229/V

LIBRARY ARCHIVES Kerala Legislative Assembly